**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

മി. സ്പീക്കർ: മലപ്പുറം ജില്ലയിൽ സ്വർണ്ണക്കടത്തിലൂടെയും ഹവാല ഇടപാടുകളിലൂടെയും പണമെത്തുന്നതായും ഈ പണം ദേശവിരുദ്ധപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതായും ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബോധപൂർവം ചില തെറ്റിദ്ധാരണകൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം അടിയന്തരമായി ചർച്ച ചെയ്യാം.

മി. സ്പീക്കർ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഉച്ചയ്ക്കുശേഷം 12.00-ന് ചർച്ചയ്ക്കെടുക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, എനിക്ക് പ്രത്യേകമായി ഒരു കാര്യം mention ചെയ്യാനുണ്ട്. ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയപ്പോൾ അതിനുമുമ്പ് ഞാൻ നടത്തിയ പരാമർശങ്ങൾ അങ്ങ് സഭാരേഖയിൽനിന്നും നീക്കം ചെയ്തു. ഞങ്ങൾ പുറത്തുപോയതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും എനിക്കെതിരായി വ്യക്തിപരമായ പരാമർശങ്ങൾ നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞാൻ നിലവാരമില്ലാത്തവനായെന്ന് പറഞ്ഞു. അങ്ങ് എന്നെക്കുറിച്ച് നല്ലൊരു വാക്കാണ് പറഞ്ഞിരുന്നതെങ്കിൽ ഞാൻ വിഷമിച്ചുപോയേനെ. ഞാൻ വലിയൊരു വിശ്വാസിയാണ്, എല്ലാ ദിവസവും പ്രാർഥിക്കുന്ന ആളാണ്. ഞാൻ എല്ലാ ദിവസവും പ്രാർഥിക്കുന്നത്, അങ്ങയെപ്പോലെ ഒരു അഴിമതിക്കാരനും നിലവാരമില്ലാത്തവനും ആകരുതെന്നാണ്. അതുകൊണ്ട് എന്റെ നിലവാരം അളക്കാൻ അങ്ങ് വരേണ്ട. (ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭയ്ക്കകത്ത് ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തുന്ന രീതി ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

അധിക്ഷേപം ചൊരിഞ്ഞതും അങ്ങേയറ്റം നിലവാരമില്ലാത്ത വാക്കുകൾ പ്രയോഗിച്ചതും ചെയറിനെതിരെയാണ്. അതിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും പ്രതികരിച്ചത്. അത് സഭാരേഖയിൽനിന്നും നീക്കിയിട്ടുമുണ്ട്. (......ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, എന്ത് നിലവാരമില്ലാത്ത വാക്കാണ് ഞാൻ പറഞ്ഞത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്താണ് പറഞ്ഞതെന്ന് ഒന്ന് ഓർത്തുനോക്കൂ. (.....ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും അതുപോലെ എനിക്കെതിരായി പരാമർശം നടത്തി. ഞാൻ ഒന്നും പറയുന്നില്ല. എല്ലാവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് പോകേണ്ടയാളാണ് അദ്ദേഹം. ദൗർഭാഗ്യവശാൽ തന്റെ വകുപ്പുപോലും അദ്ദേഹത്തിന് ഭരിക്കാൻ ശേഷിയില്ല, വേറെ ആളുകളാണ് ഭരിക്കുന്നത്. അതുകൊണ്ട് അവരൊന്നും ഞങ്ങളെ

അളക്കേണ്ട. ഈ സഭയിൽ എം. വി. രാഘവനെ തല്ലിച്ചതച്ചിട്ടില്ലേ; അന്ന് ആരായിരുന്നു പാർലമെന്ററി പാർട്ടി ലീഡർ; ഈ സഭ തല്ലിപ്പൊളിച്ചപ്പോൾ പുറത്തുനിന്ന് അതിന് ഒത്താശ കൊടുത്തത് ആരാണ്; ശ്രീമതി കെ. കെ. രമയെക്കുറിച്ച് അധിക്ഷേപം പറഞ്ഞപ്പോൾ ആരായിരുന്നു പാർലമെന്ററി പാർട്ടി ലീഡർ? (.......ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറയൂ, ..... (ബഹളം)......പ്ലീസ്, ഫ്ലോർ ഓർഡർ ആകൂ.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെക്കുറിച്ച് ഒരു വ്യക്തിപരമായ പരാമർശവും നടത്തിയിട്ടില്ല. എന്റെ ചെലവിൽ അങ്ങനെ സ്ഥാപിക്കണമെങ്കിൽ ഞാൻ അതിന് ഉത്തരവാദിയല്ല. ഞാൻ പറഞ്ഞത് Shakdher and Kaul-ന് മുകളിൽ അദ്ദേഹം സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നുവെന്നതാണ്. ചെയറിനെതിരായി നടത്തിയ അധിക്ഷേപകരമായ പരാമർശങ്ങളുണ്ട്. അത് അധിക്ഷേപകരമല്ലെങ്കിൽ

രേഖയിൽനിന്നും നീക്കം ചെയ്യേണ്ടി വരുമായിരുന്നില്ലല്ലോ? അത്തരം അധിക്ഷേപകരമായ പരാമർശങ്ങൾ നടത്തുകവഴി അപക്വമതിയാണെന്ന് അദ്ദേഹം തെളിയിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. അതിനുശേഷം ഞാൻ ചോദ്യത്തിന് മറുപടി പറയുമ്പോൾ സഭയിൽ തിരിച്ചെത്തിയ അവരെ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ സ്വാഗതം ചെയ്യുകയാണ് ചെയ്തത്. അദ്ദേഹം വീണ്ടും ചെയറിനെതിരായും മുഖ്യമന്ത്രിക്കെതിരായും അധിക്ഷേപകരമായ പരാമർശം നടത്തിയതിലൂടെ ഞാൻ പറഞ്ഞത് സാധൂകരിക്കുകയല്ലേ അദ്ദേഹം ചെയ്തത്? (......ബഹളം...)

മി. സ്പീക്കർ: യഥാർഥത്തിൽ പ്രതിപക്ഷ നേതാവിനെ ആക്ഷേപിച്ചുകൊണ്ടല്ല സംസാരിച്ചത്..... (ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സഭയ്ക്ക് ഒരു അന്തസ്സുണ്ട്, പാരമ്പര്യമുണ്ട്. ആ പാരമ്പര്യത്തിന് നിരക്കാത്ത നിലയിലാണ് ഇവിടെ കാര്യങ്ങൾ നടന്നത്. ഇവിടെ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ വാക്കൗട്ട് പ്രസംഗത്തിനുമുമ്പായി ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. പക്ഷേ ഞങ്ങൾ സഭയിലില്ലാതിരുന്ന സമയത്ത് അദ്ദേഹത്തിന്റെ പരാമർശങ്ങൾ Expuch

ചെയ്യുകയും പ്രതിപക്ഷ നേതാവിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പാർലമെന്ററി കാര്യവകുപ്പുമന്ത്രിയും അധിക്ഷേപിക്കുകയും ചെയ്തതിനെ അങ്ങ് അപലപിക്കുകയാണോ വേണ്ടത്? അങ്ങ് എല്ലാവരുടെയും താൽപര്യം സംരക്ഷിക്കാൻ ബാധ്യസ്ഥനാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുൻ പ്രതിപക്ഷ നേതാവ് സംസാരിച്ച ആദ്യഭാഗത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. സഭയുടെ അന്തസ്സ് പാലിക്കുകയെന്നത് പ്രതിപക്ഷവും ഭരണപക്ഷവും ശ്രദ്ധിക്കേണ്ട കാര്യമാണ്. ഞാൻ പറയാനിടയായ സാഹചര്യം, ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ സഭയിൽ എന്ത് പറയാം എന്ത് പറഞ്ഞുകൂടാ എന്നതിനെക്കുറിച്ചുള്ള നല്ല ധാരണ സഭയിലെ അംഗങ്ങളായ എല്ലാവർക്കുമുണ്ട്. അതില്ലാത്ത ഒരാളല്ല ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്. പക്ഷെ അദ്ദേഹം തീർത്തും നിലവാരമില്ലാത്ത രീതിയിലാണ് ചെയറിനെതിരെ അധിക്ഷേപ വാക്കുകൾ ചൊരിഞ്ഞത്. ആ നിലവാരമില്ലാത്ത നില അദ്ദേഹം സ്വീകരിക്കുന്നത് ഈ ഒരു ഘട്ടത്തിൽ മാത്രമായിരുന്നില്ല, നേരത്തെ പല ഘട്ടങ്ങളിലും അദ്ദേഹം അത് സ്വീകരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ആരും

അതങ്ങനെ പറഞ്ഞില്ലെന്ന് മാത്രം. എല്ലാ പരിധിയും ലംഘിച്ചുകൊണ്ട് ബഹുമാനപ്പെട്ട ചെയറിനെതിരെ കടുത്ത അധിക്ഷേപ വാക്കുകൾ ചൊരിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നിലവാരമില്ലായ്മയെക്കുറിച്ച് പറയേണ്ടിവന്നു. ആ നിലവാരമില്ലായ്മ അദ്ദേഹം ഇപ്പോൾ സഭയിൽ വന്നതിനുശേഷവും വെളിവാക്കുകയാണ് ചെയ്തത്. അദ്ദേഹം എല്ലാ ദിവസും പ്രാർഥിക്കുന്നത് നല്ലതാണ്, അദ്ദേഹത്തിന്റെ പ്രാർഥന എന്താകാനാണ്; അദ്ദേഹം ഇപ്പോൾ എന്താണ് വെളിപ്പെടുത്തിയത്? അഴിമതിക്കാരൻ ആകരുതേയെന്നാണ് അദ്ദേഹത്തിന്റെ പ്രാർഥന. പിണറായി വിജയൻ ആരാണ്, വി. ഡി. സതീശൻ ആരാണ് എന്നതിനെക്കുറിച്ച് സമൂഹത്തിലെ എല്ലാവർക്കും ധാരണയുണ്ട്. ശ്രീ. വി. ഡി. സതീശന്റെ പ്രാർഥനയിൽ എന്താണുള്ളതെന്ന് എനിക്കറിയില്ല, പക്ഷെ, പിണറായി വിജയൻ അഴിമതിക്കാരനാണെന്നുപറഞ്ഞാൻ ഈ സമൂഹം അംഗീകരിക്കുമെന്ന് കരുതേണ്ട. നിങ്ങൾക്ക് വേണ്ടത് എൽ.ഡി.എഫ്.-നെയാകെ മോശക്കാരാക്കി ചിത്രീകരിക്കണമെന്നുള്ളതാണ്, അതിന്റെ ഭാഗമായി എൽ.ഡി.എഫ്.-ന്റെയും സർക്കാരിന്റെയും പ്രതീകമായി നിൽക്കുന്ന എന്നെ ഏതെല്ലാം തരത്തിൽ

അധിക്ഷേപിക്കാൻ സാധിക്കുമോ അതിനുള്ള അവസരമാണ് അവർ നോക്കുന്നത്. ഇത്തരം കാര്യങ്ങൾ തുടങ്ങിയിട്ട് എത്ര കാലമായി, ഈ സമൂഹം അംഗീകരിച്ചോ; ഈ സമൂഹത്തിന് ഏതെങ്കിലും തരത്തിലുള്ള പിന്തുണ അതിനുണ്ടായോ? ഇത്തരത്തിലുള്ള അപവാദ പ്രചരണങ്ങളിലൂടെ ആളുകളെ തകർത്തുകളയാമെന്ന് വിചാരിക്കേണ്ട. നിങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളും ഞങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളും സമൂഹം വിലയിരുത്തുന്നുണ്ട്, അവ സമൂഹത്തിന്റെ മുമ്പിലുള്ള കാര്യങ്ങളാണ്. ഇവിടെ പരസ്പരം അധിക്ഷേപ വാക്കുകൾ ചൊരിഞ്ഞുകൊണ്ട് തീർക്കേണ്ട കാര്യമല്ല. അഴിമതിയുടെ പര്യായങ്ങളായി എങ്ങനെയൊക്കെ മാറുന്നുവെന്ന കഥകളിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല, അതിനുള്ള അവസരമായി ഞാൻ ഇതിനെ മാറ്റുന്നുമില്ല. പക്ഷെ സമൂഹം എല്ലാം കാണുന്നുണ്ടെന്ന് മനസ്സിലാക്കണം.

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ (ബഹളം) ഞങ്ങൾ കേട്ടിരുന്നില്ലേ; അദ്ദേഹം പല പ്രാവശ്യം ആവർത്തിച്ചതാണ് ഈ നിലവാരമില്ലായ്മ. അത് സ്വയം കണ്ണാടിയിൽ നോക്കിയാൽ മതി. (ബഹളം)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... വാഗ്വാദം വേണ്ട.. ചെയറിനെ നോക്കി സംസാരിച്ചാൽ മതി. അദ്ദേഹം ചെയറിനെ നോക്കിയാണ് സംസാരിച്ചത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഇവിടെ ചെകുത്താൻ വേദമോതുന്നതുപോലെ വന്നാണ് ഒരു അഴിമതിവിരുദ്ധ പ്രഭാഷണം നടത്തിയത്. ബഹുമാനപ്പെട്ട സ്പീക്കർ, " ആരാണ് പ്രതിപക്ഷനേതാവ്" എന്ന് പറഞ്ഞതിനെക്കുറിച്ചാണ് ഞങ്ങൾ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: അത് ചെയർ ക്ലിയർ ചെയ്യാം. പ്ലീസ്... പെട്ടെന്ന് പറഞ്ഞവസാനിപ്പക്കൂ..

<u>ശ്രീ. വി. ഡി. സതീശൻ</u>: അതെങ്ങനെ സാധിക്കും; ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ ഇങ്ങനെ പറഞ്ഞില്ലല്ലോ?

<u>മി. സ്പീക്കർ</u>: അങ്ങാണല്ലോ ആദ്യം സംസാരിച്ചത്? പ്ലീസ്.... പ്ലീസ്... അങ്ങ് പറയൂ..

<u>ശ്രീ. വി. ഡി. സതീശൻ</u>: ലോകം മുഴുവൻ ഇത് കാണുകയാണ്. ഞാൻ സംസാരിക്കുമ്പോൾ അങ്ങ് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ സംസാരിക്കട്ടെ..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തെയും മുഴുവൻ

ആളുകളെയും ഏതുസമയത്തും അവഹേളിക്കുകയാണ്. അതിൽ തെറ്റില്ല. കാരണം അദ്ദേഹം എത്തിപ്പെട്ടിരിക്കുന്ന ഒരവസ്ഥ അദ്ദേഹത്തെക്കൊണ്ട് അങ്ങനെ പറയിപ്പിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ എന്താണ് ചിന്തിക്കുന്നതെന്ന് നിങ്ങൾ പറഞ്ഞു. കേരളത്തിലെ ജനങ്ങൾ നിങ്ങളെക്കുറിച്ച് എന്താണ് ചിന്തിക്കുന്നതെന്ന് നിങ്ങൾക്കറിയില്ല.

മി. സ്പീക്കർ: ദയവായി ചെയറിനെ നോക്കി സംസാരിക്കൂ..

ശ്രീ. വി. ഡി. സതീശൻ: കാരണം നിങ്ങളുടെ ചുറ്റുപാടും നിൽക്കുന്നത് അവതാരങ്ങളാണ്. ആ അവതാരങ്ങൾ പറയുന്നത് മാത്രമേ നിങ്ങൾക്കറിയുകയുള്ളൂ. കേരളത്തിലെ ജനങ്ങൾ നിങ്ങളെക്കുറിച്ച്, നിങ്ങൾ അഴിമതിക്കാരനാണെന്നും.....ഞാൻ പറഞ്ഞല്ലോ നിങ്ങളുടെ നിലവാരത്തിലേയ്ക്ക് താഴരുതെന്ന് ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ...... (ബഹളം) ഇനിയത് ആവർത്തിക്കേണ്ട. അത് ആവർത്തിച്ചാൽ.....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....സ്റ്റോപ്പ്.. അവിടെയിരിക്കൂ... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ...

ശ്രീ. പിണറായി വിജയൻ: പ്രതിപക്ഷ നേതാവേ, അതൊക്കെ മനസ്സിൽവച്ചാൽ മതി. അതൊന്നും എന്റടുത്ത് ഏശില്ല. കണ്ണാടിയിൽ നോക്കേണ്ടത് നിങ്ങളാണ്, ഞാനല്ല. അത് ആദ്യം മനസ്സിലാക്കണം. ഈ നാട് എന്താണെന്ന് ആദ്യം മനസ്സിലാക്കണം. ഈ നാടാകെ ഞങ്ങളെ ഉപേക്ഷിച്ചുവെന്നാണല്ലോ നിങ്ങൾ കരുതുന്നത്. എന്താണ് നിങ്ങൾക്കിത്ര ധൃതി; എന്തിനാണ് നിങ്ങൾ തീർത്തും അധിക്ഷേപകരമായ വാക്കുകൾ ചൊരിയുന്നത്; എന്തുകൊണ്ട് നിങ്ങൾ ഞാൻ പറയുന്ന വാക്കുകൾ കേൾക്കാനുള്ള സന്മനസ്സ് കാണിക്കാത്തത്; എന്തിനാണ് നിങ്ങൾ ഇവരെ ഇങ്ങോട്ട് തള്ളിവിട്ടത്; ആ ഘട്ടത്തിലല്ലേ ബഹുമാനപ്പെട്ട സ്പീക്കർ നിങ്ങളോട് " ആരാണ് പ്രതിപക്ഷനേതാവ്?" എന്നു ചോദിച്ചത്. നിങ്ങളോടല്ല, അവിടെ നിന്നവരോടാണ് ആ ചോദ്യം ചോദിച്ചത്. നിങ്ങൾ സംസാരിക്കാൻ വേണ്ടി അങ്ങോട്ട് ആളുകളെ വിളിക്കുന്നു, അവിടെ വന്നിരിക്കാൻ പറയുന്നു. നിങ്ങളുടെ വാക്കിന് വിലയുണ്ടോ; നിങ്ങൾ അംഗീകരിക്കുന്നുണ്ടോ. നിങ്ങൾ കാണിക്കുന്ന കാപട്യത്തിന്റെ മറ്റൊരു ഭാഗമല്ലേ അത്; നിങ്ങൾ ഒരു നിലയെടുക്കുക, മറ്റുള്ളവരെ പറഞ്ഞുവിടുക, അതല്ലേ ഉണ്ടാകുന്നത്; നിങ്ങൾ

സ്വീകരിച്ചുകൊണ്ടിരിക്കുന്ന കാപട്യം ഈ സമൂഹം കാണുന്നില്ലെന്നാണോ കരുതുന്നത്; നല്ല വാചകത്തിലൂടെ പറഞ്ഞാൽ മാത്രം കാര്യങ്ങൾ തീർപ്പാകും എന്നാണോ കരുതുന്നത്; ആ ധാരണ വേണ്ട. അത്തരമൊരു ധാരണയിൽ തുടരുകയും വേണ്ട. ശ്രീ. വി. ഡി. സതീശനല്ല പിണറായി വിജയൻ, അത് മനസ്സിലാക്കണം. ശ്രീ. വി. ഡി. സതീശൻ കാപട്യത്തിന്റെ മൂർത്തീകരണമാണ്. ആ കാപട്യത്തിന്റെ മൂർത്തീകരണമല്ല ഞാൻ. ഞാൻ ഈ നാടിന്റെ മുന്നിൽ എപ്പോഴും നിന്നിട്ടുണ്ട്. എല്ലാ ഘട്ടത്തിലും കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ആ രീതിയിൽത്തന്നെ പോകുകയും ചെയ്യും. അത് മനസ്സിലാക്കിയാൽ മതി.

മി. സ്പീക്കർ: ഈ വിഷയത്തിൽ ഇനി ചർച്ചയില്ല. ചെയറിന് കാര്യങ്ങൾ ക്ലിയർ ചെയ്യണം. ബഹുമാനപ്പെട്ട കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ ഒരു കത്ത് ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിങ്ങളുടെ ടീമിലെ ആളുകളോട് ചെയറിൽ പോയിരിക്കാൻ ആവശ്യപ്പെട്ടു. നിങ്ങളുടെ ടീമിലെ ഭൂരിഭാഗം ആളുകളും സീറ്റിൽ പോയിരുന്നു. അതിനുശേഷം നിങ്ങൾ പ്രസംഗം ആരംഭിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗിക്കുമ്പോൾ ശ്രീ. മാത്യൂ

കുഴൽനാടൻ സമാന്തര പ്രസംഗം നടത്തുന്നു. അതുകൊണ്ട് ശ്രീ. മാത്യു കുഴൽനാടനോട് ഞാൻ ചോദിച്ചു, “ ആരാണ് പ്രതിപക്ഷനേതാവ്?” . അതൊരു സ്വാഭാവിക ചോദ്യമാണ്. ഒരു ഭാഗത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുന്നു, നിങ്ങളുടെ ടീം മുഴുവൻ സീറ്റിലിരിക്കുന്നു. ഒരാൾ മാത്രം ചെയറിനു മുന്നിൽ വന്ന് പ്രസംഗിക്കുന്നു. ആ ഘട്ടത്തിലാണ് പ്രസ്തുത ചോദ്യം ചോദിച്ചത്.

(പ്രതിപക്ഷനേതാവിനെതിരെ ഉന്നയിച്ച അധിക്ഷേപ വാക്കുകളിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്ലക്കാർഡുകളും ബാനറും ഉയർത്തിക്കാട്ടി ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)